**നവകേരള സദസ് മുൻപാകെ ഡോക്കറ്റ് നം. (EKM/0751670) പ്രകാരം ശ്രീ.അമൽ ആന്റണി സമർപ്പിച്ച അപേക്ഷയിന്മേൽ അങ്കമാലി നഗരസഭ സെക്രട്ടറി സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട്.**

അങ്കമാലി നഗരസഭയിൽ അങ്കമാലി വില്ലേജിൽ ബ്ലോക്ക് 12, സർവ്വെ നം.214/10-13-ൽ ഉൾപ്പെട്ട 2.56 ആർ വസ്തുവിൽ 255.75$M^2$ വരുന്ന വാസഗൃഹം നിർമ്മിക്കുന്നതിന് 10.04.2017-ൽ PW2-TBA (14834)1207 പ്രകാരം പെർമിറ്റ് അനുവദിച്ച് നൽകിയിരുന്നതാണ്. ടി പെർമിറ്റ് കാലാവധി 09.04.2020-ൽ അവസാനിച്ചതിനാൽ 09.04.2023 വരെയുള്ള 3 വർഷത്തേയ്ക്ക് പുതുക്കി നൽകിയിരുന്നതുമാണ്. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും പെർമിറ്റ് പുതുക്കി നൽകണമെന്നുമുള്ള ടിയാന്റെ 30.03.2023-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നഗരസഭ പബ്ലിക് വർക്സ് ഓവർസിയർ നടത്തിയ സ്ഥലപരിശോധനയിൽ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് ആവശ്യമായ സെറ്റ് ബാക്ക് ഇല്ലാതെ നിർമ്മാണം നടത്തിയതിനാൽ ന്യൂനത കോൺക്രീറ്റ് വഴിയും കെട്ടിടവും തമ്മിലുള്ള അകലം 1.5മീറ്റർ ലഭ്യമാക്കുന്നതിന് 29.07.2023-ൽ അപേക്ഷകന് അറിയിപ്പ് നൽകിയിരുന്നതും ആയതിന് നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. അപേക്ഷകൻ ബഹു.മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷയിൽ സ്ഥലം സൗജന്യമായി വഴിയ്ക്ക് വിട്ട് നൽകിയിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ നഗരസഭയിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**

MUNICIPAL OFFICE